# D V L P S MUNDATHIKODE




# *ACADEMIC MASTER PLAN*

# ഒന്നാം ക്ലാസ്സ്

ഉള്ളടക്കം


1. ആമുഖം
2. പ്രവർത്തനക്കലണ്ടർ
3. പാട്ടരങ്ങ്
4. സംയുക്തഡയറി
5. മലയാളംമധുരം
6. നിർമ്മാണശില്പശാല
7. റീഡേഴ്സ് തിയറ്റർ
8. രചനോത്സവം
9. കൂട്ടെഴുത്തു പത്രം
10. നാട്ടുവിശേഷം കൂട്ടെഴുത്ത്
11. വരയുത്സവം
12. സചിത്രകഥാരചന
13. ശാസ്ത്രോത്സവം
14. അരങ്ങ്
15. ..........................
16. ..................
17. ...................
18. സമഗ്രവിലയിരുത്തലും പഠനപുരോഗതിയും
19. ക്ലാസ് പി.ടി.എ ശക്തമാക്കൽ
20. പഠനോത്സവം

| | |
|---|---|
| ഡിസംബർ | സംഖ്യകൾ അവരോഹണ ആരോഹണ ക്രമത്തിൽ എഴുതൽ<br>My number book തയ്യാറാക്കൽ,സംഖ്യകളെ സുന്ദരിയാക്കൽ വർക്ക് ഷീറ്റ് പ്രവർത്തനങ്ങൾ. |
| ജനുവരി | ഒരൊറ്റ സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങൾ,സംഘടന വ്യവകലനം + - ചിഹ്നങ്ങൾ തിരിച്ചറിയൽ, സംഖ്യ വ്യാഖ്യാനങ്ങൾ. |
| ഫെബ്രുവരി | ഗണിത മഞ്ചാടി, സംഖ്യ സൂര്യൻ ആൽബം തയ്യാറാക്കൽ.<br>പ്രദർശനം. സംഖ്യാ ഗാന ആൽബം തയ്യാറാക്കൽ പ്രദർശനം,വില വിവരപ്പട്ടിക പ്രശ്നം വിശകലന പ്രിയകളിൽ ഏർപ്പെടൽ. |
| മാർച്ച് | ഗണിത ആശയങ്ങൾ ഉൾപ്പെടുത്തി വിവിധതരം വർക്ക് ഷീറ്റുകൾ നൽകൽ.ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടൽ.ഉല്ലാസ് ഗണിതം പ്രവർത്തനങ്ങളിൽ ഏർപ്പെടൽ ,മെറ്റീരിയൽ ഉപയോഗിച്ച് ഗണിത കേളികളിൽ ഏർപ്പെടൽ,ഐസിടി സാധ്യതയിൽ ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ പരിചയപ്പെടാൻ അവസരം ഒരുക്കൽ സംഖ്യകളുടെ പകുതി, തുല്യം തിരിച്ചറിയൽ പ്രവർത്തനങ്ങൾ ഗണിത കിറ്റിലൂടെ സാധ്യമാക്കൽ. |

English

- Respond to simple Instructions in the class Rooms
- Describe orally about Pictures and objects using adjectives
- familiarise with words identifies
- Enjoy songs and Sing them with rhythm and action
- familiarises the names of birds animals their young ones and identifies them from Pictures
- To speak, read and write English without any mistakes

Action plan Activities

| Month | Activities |
|---|---|
| June | ▪ Introduce simple Words<br>▪ Provide Picture cards<br>▪ Gives a familiar magic picture cards |
| July | ▪ Find words from reading materials<br>▪ says familiar words<br>▪ writing familiar words<br>▪ Reading familiar words<br>▪ Rhyming words<br>▪ find words from reading materials |
| August | ▪ Enjoys songs and Sings them with rhythm and action<br>▪ Describes orally about Picture and objectives |
| September | ▪ Read and write simple sentences provides<br>▪ Picture card for reading |
| October | ▪ introduce Simple picture description<br>▪ word chain sentence chain make words<br>▪ Sentences make riddles<br>▪ Describing words rhyming word etc text book activities<br>▪ My growing book is being prepared |
| November | ▪ My small description book Being prepared<br>▪ preparing reading card<br>▪ class room provides opportunities to read write and speak English |
| December | ▪ my Picture dictionary is Baing Prepared<br>▪ my growing book is being prepared<br>▪ simple instructions in the class room<br>▪ Encourage digital reading in the classroom |
| January | January<br><br>▪ Enjoys songs and simple stories<br>▪ Collect Pictures of Animals and birds<br>▪ collect Pictures of vehicles<br>▪ provides Spoken Englishclass |
| February | ▪ provides opportunities to express myself in the class room in the Assembly and CPTA<br>▪ A period of daily spoken English ClassPovides<br>▪ opportunities for English Assembly |
| March | ▪ can read and write simple Sentences<br>▪ Picture readig Picture description<br>▪ My Picture dictionery Reading Cards |

ഗണിതം

പ്രവർത്തനലക്ഷ്യങ്ങൾ

ചുറ്റുപാടും നിരീക്ഷിച്ച് ദ്വിമാന, ത്രിമാന രൂപങ്ങൾ തിരിച്ചറിയുകയും തരംതിരി ക്കുകയും ചെയ്യുക.

രൂപങ്ങൾ ആകൃതിക്കനുസരിച്ച് തരംതിരിക്കുക.

ചിത്രങ്ങൾക്ക് നിറം കൊടുക്കുകയും, ചിത്ര പാറ്റേണുകൾ പൂർത്തീകരിക്കുകയും, നിറം നൽകുകയും ചെയ്യുക.

ഒന്നു മുതൽ അഞ്ചുവരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു എഴുതുന്നു .
അഞ്ചു വരെയുള്ള എണ്ണത്തെ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
five frame ൽ ഗണിത ക്രിയകൾ ചിത്രീകരിക്കുന്നു.
ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ശേഖരിച്ച് ഗണിത തയ്യാറാക്കുന്നു.
ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.
ഒൻപതിൽ താഴെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
ഒരു സംഖ്യകൾ എണ്ണിയെടുക്കാനും എഴുതാനും വായിക്കാനും കഴിയുന്നു.
അവരോഹണ ആരോഹണ ക്രമത്തിലാക്കൽ.
രണ്ട് ഒരൊക്കസംഖ്യകളുടെ സങ്കലനം
രണ്ട് ഒരൊക്ക സംഖ്യകളുടെ വ്യവകലനം .
സംഖ്യ പാറ്റേൺ രൂപീകരിക്കൽ
ഒരൊക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണംചെയ്യുന്നതിനുള്ള കഴിവ് നേടുക.

ഗണിതം
പ്രവർത്തന കലണ്ടർ

| മാസം | പ്രവർത്തനങ്ങൾ |
|---|---|
| ജൂൺ | ദ്വിമാന, ത്രിമാന രൂപങ്ങൾ തിരിച്ചറിയൽ തരംതിരിക്കൽചിത്ര പാറ്റേണുകൾ കണ്ടെത്തൽ ,നിറം കൊടുക്കൽ |
| ജൂലൈ | സംഖ്യകൾ തിരിച്ചറിയൽ, സംഖ്യാ കാർഡ് നിർമ്മാണംഗണിത കെട്ട് തയ്യാറാക്കൽ,മഞ്ചാടി സഞ്ചി ,കുഞ്ഞുപുസ്തകം തയ്യാറാക്കൽ,ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നതിനുള്ള പ്രവർത്തനങ്ങൾ |
| ആഗസ്റ്റ് | വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ കൂടുതൽ കുറവ് തിരിച്ചറിയൽ മഞ്ചാടി സഞ്ചിയിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടൽ. |
| സെപ്റ്റംബർ | സംഖ്യാ ഗാനങ്ങൾ, ആസ്വദിക്കൽ സംഖ്യകൾ തമ്മിൽ സങ്കലന പ്രക്രിയകൾ നടത്തൽ,ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലനം ക്രിയകളിൽ ഏർപ്പെടൽ,ഒന്നിനോട് ഒന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്നാണ് തിരിച്ചറിവ് , സംഖ്യാ ഗാനം ആലപിക്കൽ |
| ഒക്ടോബർ | ഒറ്റ സംഖ്യകൾ ഇരട്ട സംഖ്യകൾ തിരിച്ചറിയൽ,ഒന്നിടവിട്ട സംഖ്യകൾ ഒറ്റ സംഖ്യ, ഇരട്ട സംഖ്യ എന്ന് തിരിച്ചറിവ് ഉണ്ടാക്കൽ . 1 2 3 4 5 6 7 8 9 10<br>വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ പ്രവർത്തനങ്ങൾ.<br>ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ. |
| നവംബർ | സംഖ്യാ ഗാനങ്ങൾ പാടുന്നു .ശേഖരിക്കുന്നു ഗണിത പ്രവർത്തനങ്ങൾ ആസ്വാദ്യകരമാക്കാൻ വർക്ക് ഷീറ്റുകൾ നൽകൽ.<br>ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിൽ സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടൽ. |
| ഡിസംബർ | സംഖ്യകൾ അവരോഹണ ആരോഹണ ക്രമത്തിൽ എഴുതൽ<br>My number book തയ്യാറാക്കൽ,സംഖ്യകളെ സുന്ദരിയാക്കൽ വർക്ക് ഷീറ്റ് പ്രവർത്തനങ്ങൾ. |
| ജനുവരി | ഒരൊറ്റ സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങൾ,സംഘടന വ്യവകലനം + - ചിഹ്നങ്ങൾ തിരിച്ചറിയൽ, സംഖ്യ വ്യാഖ്യാനങ്ങൾ. |

പരിസര പഠനം

പ്രവർത്തന ലക്ഷ്യങ്ങൾ

- ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന് പറയുന്നു.
- വിവിധതരം സസ്യങ്ങൾ (വലിയ മരങ്ങൾ ചെറിയ മരങ്ങൾ പൂക്കുന്നവ പൂക്കാത്തവ കണ്ടെത്തി പട്ടികപ്പെടുത്തുന്നു.
- ജീവികളുടെ സഞ്ചാര രീതികൾ മനസ്സിലാക്കുന്നു.
- പലതരം കൂടുകൾ കുട്ടികൾ പരിചയപ്പെടുന്നു.
- സസ്യങ്ങൾക്ക് വേര് തണ്ട് ഇല പൂവ് കായ് തുടങ്ങിയ ഭാഗങ്ങൾ ഉണ്ടെന്ന് നിരീക്ഷിച്ച് കണ്ടെത്തുന്നു.
  ചിത്രീകരിക്കുന്നു. വിശദമാക്കുന്നു.
- നിരീക്ഷിച്ചും അനുഭവത്തിൻറെ അടിസ്ഥാനത്തിലും മഴക്കാലത്ത് ചുറ്റും ഉണ്ടാകുന്ന മാറ്റങ്ങളെ കുറിച്ച് തന്റേതായ ആശയങ്ങൾ വിവിധ രീതിയിൽ അവതരിപ്പിക്കുന്നു.
- പതിപ്പുകൾ തയ്യാറാക്കുന്നു.
- സസ്യങ്ങൾ പൂക്കൾ പഴങ്ങൾ എന്നിവയുടെ പേരുകൾ തിരിച്ചറിഞ്ഞ് പട്ടികപ്പെടുത്തുന്നു.
- പഴങ്ങൾ കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണെന്ന് മനസ്സിലാക്കുന്നു.
- ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.
- വിത്ത് ,ഇല ,പൂക്കൾ തുടങ്ങിയവ ശേഖരിക്കുകയും ക്രമീകരിച്ച് പ്രദർശിപ്പിക്കുകയും ചെയ്യുന്നു.
- ചെടികൾ നിരീക്ഷിച്ചു പൂക്കളെ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന് കണ്ടെത്തൽ ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടൽ.

പരിസര പഠനം

പ്രവർത്തന കലണ്ടർ

| മാസം | പ്രവർത്തനങ്ങൾ |
|---|---|
| ജൂൺ | ചുറ്റുപാടുമുള്ള പക്ഷികളെ നിരീക്ഷിച്ച് പ്രത്യേകതകൾ കണ്ടെത്തുന്നു നിറങ്ങളുടെ അടിസ്ഥാനത്തിൽ തരംതിരിക്കുന്നു .നിഗമനങ്ങളിൽ എത്തിച്ചേരുന്നു തൂവലുകൾ കണ്ടാൽ പക്ഷേ ഏതാണെന്ന് |
| | ഊഹിക്കാൻ കഴിയുന്നു. പക്ഷികൾക്ക് തൂവലുകൾ പ്രയോജനപ്പെടുന്നതെങ്ങിനെയെന്ന് കണ്ടെത്തുന്നു. പക്ഷേ മുട്ടകൾ നിരീക്ഷിച്ച് പ്രത്യേകതകൾ കണ്ടെത്തുന്നു. മുട്ടകൾ ഉപയോഗിച്ച് പരിക്ഷണം നടത്തുന്നു. |
| ജൂലൈ | കാക്ക, തത്ത, മൈന , കുയിൽ തുടങ്ങി നാട്ടുപക്ഷികളുടെ ചിത്രം ശേഖരിച്ച് ആൽബം തയ്യാറാക്കുന്നു.<br>പക്ഷികളിൽ നിരീക്ഷിച്ചും മറ്റുള്ളവരോട് അന്വേഷിച്ചു പക്ഷികളുടെആഹാരത്തെക്കുറിച്ച് വിവരം ശേഖരിക്കുന്നു. പക്ഷികൾ ജീവജാലങ്ങൾക്ക് എങ്ങനെയെല്ലാം പ്രയോജനപ്പെടുന്നു എന്ന് അന്വേഷിച്ചറിയുന്നു |
| ആഗസ്റ്റ് | ജീവികളുടെ സഞ്ചാര രീതികൾ പരിചയപ്പെടുന്നു.ജീവികളുടെ താമസസ്ഥലങ്ങൾ മനസ്സിലാക്കുന്നു.ചെടികളുടെ ചിത്രങ്ങൾ ഫോട്ടോയെടുത്ത് ക്ലാസ് ഗ്രൂപ്പിൽ പോസ്റ്റ് ചെയ്യുന്നു. |
| സെപ്റ്റംബർ | ചുറ്റുപാടുമുള്ള ചെടികൾ നിരീക്ഷിച്ച് ആഹാരം യോഗ്യമായതും അല്ലാത്തതും കണ്ടെത്തൽ ചെടികൾ വ്യത്യാസം തിരിച്ചറിയൽ,മണമുള്ള പൂക്കൾ മഴവില്ലാത്ത പൂക്കൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തുന്നു. |
| ഒക്ടോബർ | പ്രകൃതിയെ അറിയുന്നതിനും പാരിസ്ഥിതിക ബോധം വളർത്തുന്നതിനും ഒറ്റയ്ക്കും കൂട്ടായും പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. |
| നവംബർ | ലഘുപരീക്ഷണങ്ങൾ കണ്ടെത്തുന്നു കുറിപ്പ് തയ്യാറാക്കുന്നു. ജൈവ വൈവിധ്യ പാർക്ക്,തടയണ മഴക്കുഴി നിർമ്മാണം ജലസ്രോതസ്സുകൾ പരിസ്ഥിതി സംരക്ഷണം പ്രവർത്തനങ്ങളിലെ പങ്കാളിത്തം. |
| ഡിസംബർ | അന്വേഷണാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടൽ.പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ. |
| ജനുവരി | പച്ചക്കറികൾ പഴങ്ങൾ കിഴങ്ങുകൾ പൂക്കൾ എന്നിവ കൊണ്ടുവരുന്നു ഇവയിൽ ഭക്ഷ്യയോഗ്യമായ ഭാഗങ്ങൾ കണ്ടെത്തുന്നു. |
| ഫെബ്രുവരി മാർച്ച് | രക്ഷിതാവിന്റെ സഹായത്തോടെ അടുക്കളത്തോട്ടം നിർമ്മിക്കുന്നു. |

ആമുഖം

..........................................................................സ്കൂളിൽ 2024-25 സാധ്യായ വർഷം ...................കുട്ടികൾ ഒന്നാം ക്ലാസ്.................ഡിവിഷനിൽ പഠിക്കുന്നു. ഒന്നിൽ പ്രവേശിപ്പിക്കപ്പെട്ട എല്ലാ കുട്ടികൾക്കും എല്ലാ വിഷയങ്ങൾക്കും ഉയർന്ന പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിത പരിപാടികൾ ആവശ്യമാണ്. പൊതുവിദ്യാഭ്യാസവകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്രഗുണമേന്മാ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ ഒന്നാം ക്ലാസിലും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിനു വേണ്ടിയാണ്.

**വിദ്യാലയത്തിൽ പ്രതീക്ഷിക്കുന്ന മാറ്റം**

- ഭാഷാശേഷീവികസനത്തിലൂന്നിയ അക്കാദമിക മാസ്റ്റർ പ്ലാൻ സമയബന്ധിതമായി നടപ്പിലാക്കുന്നതിലൂടെ ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളും സ്വായത്തമാക്കിയ അക്ഷരങ്ങൾ ഉപയോഗിച്ച് തെറ്റില്ലാതെ ലഘു ബാലസാഹിത്യകൃതികൾ വായിക്കുന്നതിനും അനുഭവങ്ങളും ആശയങ്ങളും തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നതിനും കഴിവ് നേടും
- രക്ഷിതാക്കളുടെ സഹായത്തോടുകൂടി കുട്ടികൾ സംയുക്ത ഡയറിയെഴുത്തിൽ ഏർപ്പെടുകയും സ്വതന്ത്ര രചയിതാക്കളാവുകയും ചെയ്യും.
- സ്വായത്തമാക്കിയ അക്ഷരങ്ങൾ ഉപയോഗിച്ചുള്ള സ്വതന്ത്ര സർഗാത്മക രചനകളിൽ ഏർപ്പെടുന്നതിന് കുട്ടികൾക്ക് അവസരം ലഭിക്കും.
- ..........................................................................................................................
..........................................................................................................................
- ..........................................................................................................................
..........................................................................................................................
- ..........................................................................................................................
..........................................................................................................................

- സ്കൂളിലെ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ക്ലാസ് പി ടി എ കൾ ശക്തിപ്പെടുത്തും.
- സ്കൂളിന് പൊതുസമൂഹത്തിന്റെ അംഗീകാരം ലഭിക്കും

# പ്രവർത്തനക്കലണ്ടർ (കരട്)

| ക്രമനമ്പർ | പരിപാടിയുടെ പേര് | നിർവഹണകാലം |
|---|---|---|
| 1. | പാട്ടരങ്ങ് | ഓരോ ടേമിലും ഒന്ന് |
| 2. | സംയുക്ത ഡയറി | ജൂലൈ |
| 3. | മലയാള മധുരം | ജൂൺ മുതൽ |
| 4. | നിർമ്മാണ ശില്പശാല | ജൂലൈ അവസാനം |
| 5. | റീഡേഴ്സ് തിയേറ്റർ | ഡിസംബർ |
| 6. | രചനോത്സവം | സെപ്തംബർ |
| 7. | കൂട്ടെഴുത്തുപത്രം | ഒക്ടോബർ |
| 8. | നാട്ടുവിശേഷം കൂട്ടെഴുത്ത് | ഒക്ടോബർ |
| 9. | വരയുത്സവം | നവംബർ |
| 10. | സചിത്രകഥാരചന | ഡിസംബർ |
| 11. | അരങ്ങ് | ജനുവരി |
| 12. | ശാസ്ത്രോത്സവം | ഫെബ്രുവരി |
| 13. | സമഗ്രവിലയിരുത്തലും പഠനപുരോഗതിയും | ജൂൺ മുതൽ |
| 14. | ക്ലാസ് പി ടി എ ശക്തമാക്കൽ | ജൂൺ മുതൽ |
| 15. | പഠനോത്സവം | മാർച്ച് |

# പാട്ടരങ്ങ്

ഒന്നാം ക്ലാസിൽ ഭാഷാപഠനവുമായി ബന്ധപ്പെട്ട് പാട്ടിന് വളരെ പ്രധാനമായ സ്ഥാനമാണുള്ളത്. താളാത്മകമായ ഭാഷ ആശയാവതരണ രീതിപ്രകാരമുള്ള ഭാഷാപഠനത്തെ സ്വാധീനിക്കുന്ന ഘടകങ്ങളിലൊന്നാണ്. കുട്ടികളിലെ താളബോധ വികാസത്തിനും പാഠ്യപദ്ധതി ഊന്നൽ നൽകുന്നു. കുട്ടികളിൽ പഠനതാൽപര്യം വളർത്താനും പഠനം ആസ്വാദ്യമാക്കുന്നതിനും സഹായകമാണ് പാട്ടുകൾ. വൈവിധ്യമുള്ള പാട്ടുകൾ പരിചയപ്പെടുന്നതിനും അവ ചെറുസദസ്സിനു മുമ്പാകെ അവതരിപ്പിക്കുന്നതിനും കുട്ടികൾക്ക് അവസരം ഒരുക്കുന്ന പാട്ടരങ്ങ് വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന പ്രവർത്തനമാണ്.

**ലക്ഷ്യങ്ങൾ**

പരിഷ്കരിച്ച പാഠ്യപദ്ധതി പ്രകാരം ഒന്നാം ക്ലാസിൽ പാട്ടുമായി ബന്ധപ്പെട്ട പഠനലക്ഷ്യങ്ങൾ ഭാഷാവികാസമേഖലയിലും സർഗാത്മക സൗന്ദര്യാത്മക വികാസമേഖലയിലും ഉണ്ട്. അവ നേടുക എന്നതാണ് പാട്ടരങ്ങളിന്റെ പ്രധാന ലക്ഷ്യം. പഠനലക്ഷ്യങ്ങൾ ചുവടെ നൽകുന്നു.

***സർഗാത്മക സൗന്ദര്യാത്മക വികാസം (കലാവിദ്യാഭ്യാസം)***

1. പാട്ടരങ്ങുകളിൽ താളത്തിനനുസരിച്ച് ശരീരചലനങ്ങളിലൂടെ ആകർഷകമായി പാട്ടുകൾ അവതരിപ്പിക്കുക.
2. ചെറു സദസ്സുകളിൽ കഥകൾ, പാട്ടുകൾ, കവിതകൾ, അഭിനയ ഗാനങ്ങൾ എന്നിവ സംഘമായും ഒറ്റയ്ക്കും, കൂട്ടായി രൂപപ്പെടുത്തിയ മാനദണ്ഡങ്ങൾ പ്രകാരം ഭാവാത്മകമായി അവതരിപ്പിക്കുന്നു
3. ചൊല്ലിക്കേൾക്കുന്ന പാട്ടുകൾ ഈണവും താളവും പാലിച്ചുകൊണ്ട് ഏറ്റുചൊല്ലുന്നു.
4. പാട്ടുകളുടെ താളത്തിനനുസരിച്ച് ഒറ്റയ്ക്കും കൂട്ടായും കൈകൾ കൊട്ടുകയും ചുവടുകൾ വെക്കുകയും ശരീരം ചലിപ്പിക്കുകയും ചെയ്യുന്നു.
5. താളവൈവിധ്യം ഉള്ള പാട്ടുകൾ ഒറ്റയ്കും കൂട്ടമായും ചൊല്ലുന്നു.

6. പാടി പഠിച്ച പാട്ടുകൾ കൂട്ടുകാർക്ക് ഏറ്റു ചൊല്ലാവുന്ന തരത്തിൽ താളവും ഈണവും പാലിച്ചുകൊണ്ട് പാടിക്കൊടുക്കുന്നു.
7. പാഠപുസ്തകത്തിലെ വരികളും വായ്ത്താരികളും താളത്തോടെയും ഈണത്തിലും സ്വതന്ത്രമായി ചൊല്ലുന്നു.
8. സന്ദർഭം ആവശ്യപ്പെടുന്ന തരത്തിൽ താളത്തോട് പൊരുത്തപ്പെടുന്ന വിധത്തിൽ പുതിയ വാക്കുകളും വരികളും കൂട്ടിച്ചേർത്ത് പാടാൻ കഴിവുനേടുന്നു.
9. പാട്ടരങ്ങുകളിൽ പാട്ടിന്റെ ആശയവും താളവും തുടർച്ചയും ഉൾക്കൊണ്ട് പാടാനുള്ള ഭാഗത്തിന്റെ ചുമതല ഏറ്റെടുത്ത ശേഷം സഹപാഠികൾ പാടി നിർത്തിയേടത്തുനിന്ന് തുടങ്ങുകയും അവർക്കു തുടരാൻ പാകമായ ഇടത്തിൽ ചൊല്ലിനിർത്തുകയും ചെയ്യുന്നു.

**ഭാഷാവികസനം**

1. ബാലകവിതകളും കുട്ടിപ്പാട്ടുകളും കേട്ടും വായിച്ചും ആസ്വദിക്കുന്നതിനുള്ള കഴിവ് നേടുന്നു.
2. ലളിതമായ കവിതകളും പാട്ടുകളും ആസ്വാദ്യതയോടെ ചൊല്ലി അവതരിപ്പിക്കുന്നു.
3. വായ്ത്താരികൾ, നാടൻ പാട്ടുകൾ എന്നിവ ഒറ്റയ്കും സംഘമായും ചൊല്ലാനും വായ്ത്താരികൾക്ക് താളത്തിനുമനുസരിച്ച് ചുവട് വയ്ക്കാനും ചലിക്കാനുമുള്ള കഴിവ് നേടുന്നു.

**പാട്ടരങ്ങിന്റെ ഉള്ളടക്കം**

ഓരോ ടേമിലെയും പാഠങ്ങളുമായി ബന്ധപ്പെട്ട പാട്ടുകളാണ് മുഖ്യമായി പട്ടരങ്ങിലേക്ക് പരിഗണിക്കുക. ഒന്നാം ടേമിലെ പാട്ടുകൾ വിഭാഗം തിരിച്ച് ചുവടെ നൽകുന്നു.

**അഭിനയസാധ്യതയുള്ള പാട്ടുകൾ**

1. ചിറകടിച്ച് ചിറകടിച്ച് വരികയാണ് പറവകൾ
2. ദേശാടകരാം കിളികളൊരിക്കൽ
3. പാടി വിളിച്ചാൽ പാറിവരും

**വായ്ത്താരിയുള്ള പാട്ടുകൾ**

1. പട പട പട പട
2. അഞ്ചിതളല്ലോ അഞ്ചിതൾ
3. പട്ടം പട്ടം പട്ടം പട്ടം
4. താനാരം താനാരം തക ( ഹൽവപ്പാട്ട്)

**ചോദ്യോത്തരപ്പാട്ടുകൾ**

1. കാറ്റേ കാറ്റേ നീയെങ്ങോട്ടാണിത്ര
2. അപ്പം വേണോ ഏതപ്പം?
3. വെളുവെളുത്തൊരു പാലപ്പം.

**പൂരിപ്പിച്ച് പാടാവുന്ന പാട്ടുകൾ**

1. കാക്കയ്ക്കുണ്ടൊരു കുപ്പായം കറുത്ത കുപ്പായം
2. കാറ്റേ കാറ്റേ നീയെങ്ങോട്ടാണിത്ര
3. അഞ്ചിതൾ അഞ്ചിതൾ
4. വെളുവെളുത്തൊരു പാലപ്പം
5. അപ്പം വേണോ ഏതപ്പം?
6. കാക്ക പൂവു പറിച്ചാൽപ്പോരാ

**നിർമ്മാണവുമായി ബന്ധപ്പെട്ട പാട്ടുകൾ**

- ചുവന്ന പേപ്പർ നാവായി വെട്ടി

ശാസ്ത്രാനുഭവവുമായി ബന്ധപ്പെട്ടവ

1. മഞ്ഞ വാരി പൂശി നിൽക്കും
2. മെഴുക് കൊണ്ടൊരു കൊട്ടാരം
3. തുന്നാരൻ കിളി തുന്നിക്കൂട്ടിയ
4. ആവിയിൽ വേവും ആഹാരങ്ങൾ ഇലയട, പുട്ട്, കൊഴുക്കട്ട
5. തൊട്ടുകൂട്ടും തൊടുകറികൾ

ഈ ആറ് വിഭാഗങ്ങളിൽപ്പെട്ട പാട്ടുകളാണ് പാട്ടരങ്ങിൽ ഉൾപ്പെടുത്തുക.

**പാട്ടരങ്ങിന്റെ നിർവ്വഹണകാലം**

- ഒന്ന്, രണ്ട് യൂണിറ്റുകൾ പൂർത്തിയായതിനു ശേഷമാണ് ആദ്യത്തെ പാട്ടരങ്ങ് ക്ലാസ് പി.ടി.എ മുമ്പാകെ സംഘടിപ്പിക്കുക. ( ജൂലൈ)
- ഒന്നാം ടേമിന്റെ അവസാനം പാട്ടുപൂക്കളം എന്ന പേരിൽ ഓണവുമായി ബന്ധപ്പെട്ട പാട്ടുകളുടെ അവതരണം ഉണ്ടാകും
- രണ്ടാം ടേമിന്റെ അവസാനവും മൂന്നാം ടേമിന്റെ അവസാനവും പാട്ടരങ്ങുകൾ സംഘടിപ്പിക്കുന്നതാണ്.
- പഠനോത്സവത്തിൽ പാട്ടരങ്ങ് ഒരു ഇനമായിരിക്കും.

## സംയുക്ത ഡയറി

2023-24 അക്കാദമിക വർഷം കേരളത്തിലെ ഒന്നാം ക്ലാസിൽ പ്രയോഗിച്ച് വിജയം കണ്ട പരിപാടിയാണിത്. ബഹുഭൂരിപക്ഷം രക്ഷിതാക്കളും ഈ പരിപാടി തുടരണം എന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും സ്വതന്ത്രരചയിതാക്കളാക്കാൻ സംയുക്തഡയറിയെഴുത്ത് സഹായകമാണ്.

**ലക്ഷ്യങ്ങൾ**

1. കുട്ടിയുടെ സ്വതന്ത്ര രചനാശേഷി വികസിപ്പിക്കുക.
2. പരിചയിച്ച അക്ഷരങ്ങൾ പുതിയ രചനാസന്ദർഭങ്ങളിൽ നിരന്തരം പ്രയോഗിക്കാൻ അവസരം ഒരുക്കുക.
3. കുട്ടിയുടെ അനുഭവങ്ങളും ചിന്തകളും ആശയങ്ങളും പ്രതിദിനം ചിത്രസഹിതം ചെറുവാക്യങ്ങളിൽ രേഖപ്പെടുത്തുക.
4. ആശയാവതരണ രീതിയുടെ ഉയർന്ന രൂപങ്ങളിൽ ഒന്നെന്ന രീതിയിൽ സംയുക്തഡയറിയെഴുത്തിനെ പ്രയോജനപ്പെടുത്തുകയും തനിച്ചെഴുത്തിലേക്ക് വഴിയൊരുക്കുകയും ചെയ്യുക.

**ഡയറിയെഴുത്തിന്റെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങൾ**

1. ക്ലാസ് പി.ടി.എ യോഗം വിളിച്ച് പ്രക്രിയ ബോധ്യപ്പെടൽ.

1. മുൻവർഷത്തെ ഡയറികൾ പരിചയപ്പെടുത്തൽ.
2. അച്ചടിച്ച ഡയറി കാണുവാൻ അവസരം ഒരുക്കൽ.
3. ഡയറിയെഴുത്തുമൂലമുണ്ടായ ഭാഷാപരമായ മുന്നേറ്റം വ്യക്തമാക്കൽ.
4. കുട്ടിയോടൊപ്പമിരുന്ന് സംയുക്ത ഡയറി എഴുതി പ്രക്രിയ മനസ്സിലാക്കൽ.

- സംയുക്ത ഡയറി എഴുതുന്നതിനായി ഓരോ കുട്ടിക്കും ചെറിയ ഒരു നോട്ട് ബുക്ക് ഉറപ്പാക്കൽ.
- സംയുക്ത ഡയറിയുടെ പ്രക്രിയ സംബന്ധിച്ച ചെറുകുറിപ്പ് എല്ലാ രക്ഷിതാക്കൾക്കും ലഭ്യമാക്കൽ.
- കുറിപ്പിലെ ഉള്ളടക്കം

◦ ഓരോ ദിവസവും കുറച്ചു സമയം കുട്ടികളോടൊപ്പം ഇരുന്ന് ആ ദിവസം അവർ കണ്ട, അനുഭവിച്ച കാര്യങ്ങൾ രക്ഷിതാവ് പറയിപ്പിക്കണം.

◦ അതിൽ ഏറ്റവും പ്രധാനപെട്ട ഒന്നു രണ്ടു കാര്യങ്ങൾ തിരഞ്ഞെടുക്കണം. (രാവിലെ എണീറ്റു, കുളിച്ചു, എന്നിങ്ങനെ ദിനചര്യകൾ എഴുതുന്ന രീതിയും ക്ലാസിൽ നടന്ന കാര്യങ്ങൾ മാത്രം എന്നും എഴുതുന്ന രീതിയും നിരുത്സാഹപ്പെടുത്തും)

◦ തിരഞ്ഞെടുത്തവ സംബന്ധിച്ച് വിശദാംശങ്ങൾ പറയിക്കണം. എഴുതാൻ കഴിയുന്ന ആശയങ്ങൾ ചർച്ചയിലൂടെ രൂപപ്പെടുത്തണം. അത് വാക്യങ്ങളാക്കി എഴുതുന്നതിനു വേണ്ടി ഭേദഗതികൾ പറഞ്ഞു കൊടുക്കാം. കുട്ടിയുടെ സമ്മതം പ്രധാനമാണ്.

◦ കുറിയ വാക്യങ്ങളാണ് നല്ലത്.

◦ ആദ്യം പേജിന്റെ പകുതിഭാഗത്ത് എഴുതുന്ന കാര്യവുമായി ബന്ധപെട്ടു ചിത്രം കുട്ടി കഴിയുന്ന രീതിയിൽ വരയ്ക്കണം. നിറം നൽകണം.

◦ ഓരോ ആശയവും എഴുതുന്നതിനുള്ള പ്രോത്സാഹനമാണ് നൽകേണ്ടത്. ഓരോ വാക്കും എഴുതുമ്പോൾ അതിൽ കുട്ടിക്ക് അറിയുന്ന അക്ഷരങ്ങൾ അവർ പെൻസിൽ കൊണ്ടു എഴുതണം.

- ബാക്കി ഭാഗം രക്ഷിതാക്കൾ പേന കൊണ്ടും എഴുതി പൂർത്തിയാക്കണം. അമ്മയും അച്ഛനും കുട്ടിക്കൊപ്പം സംയുക്ത ഡയറിയെഴുത്തിൽ പങ്കാളികളാകണം.
- തുടക്കത്തിൽ പേനകൊണ്ടുള്ള എഴുത്ത് കൂടുതലായിരിക്കും. ക്രമേണ പെൻസിൽ കൊണ്ടുള്ള എഴുത്ത് കൂടി വരും.
- പഠിക്കാത്ത അക്ഷരങ്ങൾ ചേർന്ന വാക്കുകൾ വരാം. അത് ഒഴിവാക്കേണ്ടതില്ല. രക്ഷിതാവ് ആ അക്ഷരങ്ങൾ എഴുതിക്കൊടുത്താൽ മതി.
- ചെറു കുറിപ്പ് മതി. മൂന്നോ നാലോ വാക്യങ്ങൾ. സംയുക്ത ഡയറി എഴുത്ത് ശീലമാക്കിയാൽ കുട്ടികൾ തന്നെ കൂടുതൽ ആശയങ്ങൾ ഏഴുതാൻ താൽപര്യപ്പെടും.
- എഴുതിക്കഴിഞ്ഞാൽ സംയുക്തമായി ചൂണ്ടി വായന നടത്തണം

- **ഡയറി പങ്കിടൽ**
  - എല്ലാ ദിവസവും ടീച്ചർ ഡയറി പരിശോധിക്കും.
  - സ്റ്റാറും ശരിയും സമ്മതത്തോടെയുള്ള തിരുത്തലും നടത്തും
  - തിരുത്തൽ പ്രക്രിയ തെളിവു നൽകിയാകും. പരിചയിച്ച അക്ഷരങ്ങൾ എഴുതിയതിലെ പ്രശ്നങ്ങളാണ് പരിഹരിക്കേണ്ടത്. വാക്കകലം ശ്രദ്ധിക്കും.
  - ക്ലാസിൽ കുട്ടികളുടെ ഡയറി അധ്യാപിക വായിച്ചുകേൾപ്പിക്കുന്നത് രചനാരീതി സംബന്ധിച്ച് മറ്റുള്ളവർക്ക് ധാരണ ലഭിക്കുന്നതിന് സഹായകമാകും. എഴുതിയ കുട്ടിക്ക് അംഗീകാരവും.
  - ഡയറിയിൽ ഗുണാത്മകക്കുറിപ്പുകൾ എഴുതൽ
  - ക്ലാസ് വാട്സാപ്പ് ഗ്രൂപ്പിൽ ഡയറിയെക്കുറിച്ചുള്ള ഗുണാത്മക കുറിപ്പുകൾ പങ്കിടൽ. ഇങ്ങനെ പങ്കിടുമ്പോൾ വിഷയവൈവിധ്യവും ആവിഷ്കാര വൈവിധ്യവും ഓരോ ദിവസവും പരിഗണിക്കും.
  - ഭാഷയിലെ പ്രത്യേകതകൾ.
  - കുട്ടി ലോകത്തെ നോക്കിക്കണ്ട രീതികളിലെ വൈവിധ്യവും കുട്ടിത്തവും
  - പ്രതിഫലിക്കുന്ന നിരീക്ഷണപാടവും
  - കൗതുകകാര്യങ്ങൾ

- ◦ സ്നേഹബന്ധങ്ങളുടെ ആവിഷ്കാരം
- ◦ യാത്രാനുഭവ വിശേഷങ്ങൾ
- ◦ വിവിധ തീമുകളുമായി ബന്ധപ്പെട്ട രചനകൾ

- ഡയറി എഴുതുന്നതിന് വീട്ടിൽ പിന്തുണാന്തരീക്ഷം കുറവുള്ള കുട്ടികൾക്കായി വിദ്യാലയത്തിലെ മുതിർന്ന കുട്ടികൾ, സഹാധ്യാപകർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തി ആഴ്ചയിൽ ഒരു ഡയറി എങ്കിലും ഉറപ്പാക്കൽ.
- പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് അധ്യാപിക സഹായത്തിന്റെ അളവ് കൂട്ടുകയോ ആവശ്യമെങ്കിൽ എഴുതിക്കൊടുക്കുകയോ ചെയ്യും.
- ഗോത്രവർഗ വിഭാഗം കുട്ടികൾക്ക് മെന്റർ ടീച്ചർമാരുടെ സഹായം സംയുക്തഡയറിയെഴുത്തിൽ ഉറപ്പാക്കും. ഗോത്രഭാഷയിൽ മലയാള ലിപി ഉപയോഗിച്ച് എഴുതുന്നതിന് അവരെ പ്രോത്സാഹിപ്പിക്കും.
- സംയുക്ത ഡയറിയിലെ പുരോഗതി അധ്യാപിക വിലയിരുത്തുന്നതാണ്.

സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോ ആയി സൂക്ഷിക്കണം.

**ഡയറിയുടെ പ്രകാശനം**

2025 ജനുവരി മുതൽ മാർച്ച് വരെയുള്ള കാലയളവില് ഒന്നാംക്ലാസുകാര്ക്കെല്ലാം പ്രാതിനിധ്യം വരത്തക്കവിധം തെരഞ്ഞെടുത്ത ഡയറികൽ അച്ചടിച്ച് പ്രസിദ്ധീകരിക്കും.

- ക്ലാസ് പി ടി എയിൽ തീരുമാനിക്കൽ
- ഓരോ കുട്ടിയുടെയും ഡയറിയിൽ നിന്ന് അച്ചടിക്കേണ്ട ഇനം തെരഞ്ഞെടുക്കാൻ ഉപസമിതിയെ നിയോഗിക്കൽ
- ഡയറി പുസ്തകരൂപത്തിലാക്കുന്നതിന് സാങ്കേതിക വൈദഗ്ധ്യം ഉള്ളവരുടെ സഹായം തേടൽ
- ഡയറിയുടെ ഉള്ളടക്കം തീരുമാനിക്കൽ (അധ്യാപിക ഡയറിയിലെ ഉള്ളടക്ക വൈവിധ്യവും ഭാഷാപരമായ വളർച്ചയും ഉദാഹരണസഹിതം വിശകലനം ചെയ്യുന്ന ആമുഖക്കുറിപ്പ് വേണം. )
- ഡയറി പ്രകാശനതീയതിയും രീതിയും മുന്നൊരുക്കവും
- ഡയറി പ്രകാശനം.

## വായനോത്സവം മുതൽ മലയാളംമധുരം വരെ

വായനോത്സവത്തിൽ തുടങ്ങി ബാലസാഹിത്യകൃതികൾ സ്വതന്ത്രമായി വായിക്കുന്നതിൽ അവസാനിക്കുന്ന വായനാപ്രവർത്തനങ്ങളാണ് ഈപരിപാടിയിൽ ഉള്ളത്. കുട്ടികളെ സ്വതന്ത്രവായനക്കാരാക്കി മാറ്റുക എന്ന ലക്ഷ്യമാണുള്ളത്.

**ലക്ഷ്യങ്ങൾ**

1. ഒന്നാം ക്ലാസിൽ എല്ലാ കുട്ടികൾക്കും വായിക്കുന്നതിനുള്ള പുസ്തകശേഖരം ഉണ്ടാക്കുക.
2. രക്ഷിതാക്കളെ കുട്ടികളുടെ വായനയിൽ പങ്കാളികളാക്കുക.
3. എല്ലാ കുട്ടികളെയും സ്വതന്ത്രവായനക്കാരാക്കുക.
4. വായിച്ചു ഗ്രഹിച്ച ആശയങ്ങൾ പങ്കിടുന്നതിലൂടെ കുട്ടികളുടെ വാചികാവതരണശേഷി വികസിപ്പിക്കുക.
5. ആശയഗ്രഹണവായന, ആസ്വാദ്യവായന എന്നിവ പ്രോത്സാഹിപ്പിക്കുക.
6. കുട്ടികൾ വായനയിൽ നേടിയ ശേഷി പൊതുസമൂഹവുമായി പങ്കിടുക.

**വായനോത്സവം**

പുസ്തകങ്ങൾ വായിച്ചു കേൾക്കുന്നതിലൂടെ കുട്ടിയുടെ പദസമ്പത്ത് വികസിക്കുന്നു. വ്യത്യസ്തമായി രീതിയിലുള്ള സംഭാഷണങ്ങളും വിവരണങ്ങളും പരിചയപ്പെടുന്നു. കേട്ട് ആശയം ഗ്രഹിക്കുന്നതിനുള്ള കഴിവ് വികസിക്കുന്നു. ആശയങ്ങൾ, സംഭവങ്ങൾ എന്നിവ ക്രമമായി ഓർത്തു പറയുന്നതിനുള്ള കഴിവ് നേടുന്നു. ചിത്രസൂചനകളിൽ നിന്നും കഥയുടെ ഉള്ളടക്കം, തുടർച്ച എന്നിവ സംബന്ധിച്ച് പ്രവചനം നടത്താനാകുന്നു. ഗ്രാഫിക് റീഡിംഗ് നടക്കുന്നു. പുസ്തകങ്ങളെ ഇഷ്ടപ്പെടുന്നു. വായനയുടെ സംസ്കാരം ചെറുപ്രായം മുതൽ വളർത്താനാകുന്നു. കുട്ടിയുടെ ഭാഷാ, ആസ്വാദന വികാസത്തിൽ രക്ഷിതാക്കളെയും പങ്കാളികളാക്കാനാകുന്നു.

മുന്നൊരുക്കം:

**ക്ലാസ് ലൈബ്രറി ക്രമീകരിക്കൽ**

- വായനോത്സവം നടത്തുന്നതിനായി ക്ലാസ് ലൈബ്രറി ക്രമീകരിക്കേണ്ടതുണ്ട്. ഒന്നാം ക്ലാസിലെ കുട്ടികൾക്കിണങ്ങിയ (ചിത്രങ്ങൾ കൂടുതലുള്ളതും എഴുത്ത് കുറവുള്ളതുമായ) പുസ്തകങ്ങളാണ് വേണ്ടത്. അധികം പേജുകൾ പാടില്ല. ആകർഷകമായ ലേ ഔട്ടും ഉള്ളടക്കവും വേണം. ചിത്രങ്ങൾ ചിത്രവായനയ്ക് സഹായകമാകണം. ഓരോ പുസ്തകത്തിന്റെ ഒന്നിലധികം കോപ്പികൾ വേണം.

ക്ലാസ് പി ടി എയിൽ രക്ഷിതാവും കുട്ടിയും ചേർന്നുള്ള വായന പരിചയപ്പെടുത്തൽ (സിമുലേഷൻ)

- കഥ ഊഹിക്കാൻ കുട്ടിക്ക് അവസരം ഒരുക്കൽ. രക്ഷിതാവിന്റെയും കുട്ടിയുടെയും മുന്നിൽ പുസ്തകം വെക്കുകയും പുസ്തകത്തിലെ ഏതെങ്കിലും ചിത്രസന്ദർഭത്തെ അടിസ്ഥാനമാക്കി ഇനി എന്തായിരിക്കും സംഭവിച്ചിരിക്കുക അല്ലെങ്കിൽ മുമ്പെന്തായിരിക്കും സംഭവിച്ചത്? എന്തായിരിക്കും കഥയുടെ ഉള്ളടക്കം? എന്നിങ്ങനെ ചോദിച്ച് കുട്ടിയെക്കൊണ്ട് ഊഹിപ്പിക്കല് നടത്തണം.
- തുടർന്ന് ഓരോ പേജായി എടുത്ത് ചിത്രസൂചനകൾ ചേർത്ത് ഓരോ വാക്യത്തിനു ചുവട്ടിലൂടെയും വിരലോടിച്ച് രക്ഷിതാവ് വായിക്കണം. മുഖ്യ കഥാപാത്രങ്ങളുടെ പേരുകൾ വരുമ്പോൾ അവ ശ്രദ്ധിപ്പിക്കാൻ ശ്രമിക്കണം. ആ പേരുകൾ പിന്നീട് വരുമ്പോൾ കണ്ടെത്താനായി വെല്ലുവിളി ഉയർത്താം. എങ്കിലും അത് നിർബന്ധിച്ച് ചെയ്യിക്കലോ വായനാപരിശോധന ആവുകയോ ചെയ്യരുത്.
- രക്ഷിതാവ് ഭാവാത്മകമായിട്ടാണ് വായിക്കേണ്ടത്. കുട്ടി ആവശ്യപ്പെടുന്ന പക്ഷം വീണ്ടും ആ പേജുകൾ വായിക്കേണ്ടി വരാം.

**സംയുക്ത വായനയ്ക് ശേഷം നടക്കേണ്ടത്**

- വായന കഴിഞ്ഞാൽ വായിച്ചുകേട്ട കഥ ആശയച്ചോർച്ച ഇല്ലാതെ കുട്ടിയെക്കൊണ്ട് പറയിക്കണം. ആദ്യം പറയുമ്പോൾ ഇടപെട്ട് വിട്ടുപോയി എന്ന് പറഞ്ഞ് തിരുത്തുന്നതിനു പകരം പറച്ചിൽ പൂർത്തിയായി കഴിഞ്ഞ് എന്തെങ്കിലും വിട്ടുപോയോ എന്നു ചോദിക്കുകയും ആവശ്യമെങ്കിൽ ബന്ധപ്പെട്ട പേജ് ചൂണ്ടിക്കാട്ടി ഓർമപ്പെടുത്തുകയും ചെയ്യാം.

ആശയക്രമീകരണത്തിലും മാറ്റം വരാം. ഇവിടെ ഭാഷണ ശേഷിയാണ് വളരുന്നത്.

**കഥോത്സവം**

- രക്ഷിതാവിന്റെ നേതൃത്വത്തിൽ കഥാപുസ്തകങ്ങൾ വായിച്ചുകേട്ട കുട്ടികൾ അവ ക്ലാസിൽ പങ്കിടുന്ന പ്രവർത്തനമാണിത്.
- വായനാനുഭവം ക്ലാസിൽ പങ്കിടാനും കഥയെ പാട്ടാക്കാനും കഥ മാറ്റി പറയാനും ചിത്രം വരയ്ക്കാനും അവസരം നൽകാം.
- ക്ലാസ് പി ടി എയിൽ പുസ്തകവായന, പുസ്തകാവതരണം നടത്തണം.

**മലയാളം മധുരം**

- രണ്ടാം ടേം ആകുമ്പോഴേക്കും ടീച്ചർ നിർദ്ദേശിക്കുന്ന ഭാഗം വായിക്കാം, ഇഷ്ടമുള്ള ഭാഗം വായിക്കാം,
- വർഷാവസാനം ഒന്നാം ക്ലാസുകാർ ലഘു ബാലസാഹിത്യകൃതികൾ സമൂഹത്തിനു മുമ്പാകെ വായിക്കുന്നതിലേക്ക് വളർത്തും.
- കുട്ടികൾ ബലസാഹിത്യകൃതികൾ വായിക്കുന്നതുമായി ബന്ധപ്പെട്ട് വൈവിധ്യമുള്ള പ്രവർത്തനങ്ങൾ നടത്തും. അവധിക്കാലത്തും പ്രവർത്തനം തുടരും.
- വായനാനുഭവങ്ങൾ വിവിധ രീതിയിൽ പങ്കിടൽ
  - വായിച്ച പുസ്തകത്തിലെ ഉള്ളടക്കം വീഡിയോയിലൂടെ പങ്കിടൽ,
  - കുട്ടി ഭാവാത്മക വായന നടത്തുന്നതിന്റെ വീഡിയോ പങ്കിടൽ,
  - പുസ്തകത്തെ പരിചയപ്പെടുത്തൽ,
  - വായിച്ച പുസ്തകത്തിലെ ഉള്ളടക്കം ചിത്രകഥാരൂപത്തിലാക്കൽ,
  - രംഗങ്ങൾ ചിത്രീകരിച്ച് സംഭാഷണമെഴുതൽ
  - സംയുക്തവായന – രക്ഷിതാവ് കുറച്ചുഭാഗം കുട്ടി കുറച്ചുഭാഗം എന്നിങ്ങനെ ഇടവിട്ട് വായിക്കൽ.

# നിർമ്മാണശിൽപശാല

പ്രവൃത്തിപരിചയവും ഭാഷയും ഉദ്ഗ്രഥിച്ചുള്ള പ്രവർത്തനമാണിത്. മൂന്നാം യൂണിറ്റായ ആർപ്പോ ഇർറോ എന്ന പാഠത്തോടനുബന്ധിച്ചാണ് നിർമ്മാണശില്പശാല നടത്തേണ്ടത്.

**ലക്ഷ്യങ്ങൾ**

1. പരിസ്ഥിതി സൗഹൃദമായ കളിയുപകരണങ്ങൾ പരിചയപ്പെടുത്തുക,
2. പ്രാദേശികമായി ലഭ്യമായ വസ്തുക്കളെ കളിപ്പാട്ടങ്ങളാക്കി മാറ്റുക.
3. കുട്ടികളുടെ കലാപരമായ ശേഷിയും കരവിരുതും വികസിപ്പിക്കുക.

**നിർമ്മാണ ശില്പശാല സംഘാടനം**

1. ക്ലാസ് പി.ടി.എയിൽ കളിപ്പാട്ട നിർമ്മാണശാലയുടെ പ്രസക്തി ബോധ്യപ്പെടുത്തൽ.
2. നിർമ്മിക്കേണ്ട ഇനങ്ങൾ തീരുമാനിക്കൽ.
3. നിർമ്മാണത്തില് വൈദഗ്ധ്യമുള്ളവരെ കണ്ടെത്തൽ.
4. നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുക്കളുടെ സമാഹരണത്തിന് ചമുതലപ്പെടുത്തൽ.
5. രക്ഷിതാക്കളുടെ പങ്കാളിത്തം നിർബന്ധം.
6. എല്ലാ കുട്ടികളെയും പ്രകൃതിയിൽ നിന്നും ലഭിക്കുന്ന വസ്തുക്കൽ ഉപയോഗിച്ചുള്ള കളിപ്പാട്ടങ്ങൽ പരിചയപ്പെടുത്തുകയാണ്. അതിനാൽ കുട്ടികളും രക്ഷിതാക്കളും വേണം.
7. മുതിർന്നവരുടെ സഹായത്തോടെ കുട്ടികൾക്ക് ഉണ്ടാക്കാവുന്ന ലളിതമായ കളിയുപകരണങ്ങളും കുട്ടികൾക്ക് മാതൃകനോക്കി ഉണ്ടാക്കാവുന്നവയും രക്ഷിതാക്കലൾ ഉണ്ടാക്കുന്നവയും വിദഗ്ധർ ഉണ്ടാക്കുന്നവയും പരിഗണിക്കണം.
8. നിർമ്മാണ ശില്പശാല തീയതി തീരുമാനിക്കൽ (എല്ലാവർക്കും സൗകര്യമുള്ള ദിവസം).
9. ഉദ്ഘാടനച്ചടങ്ങ് ആകാം.
10. പ്രചരണം ( പോസ്റ്റർ, നവമാധ്യമങ്ങളിൽ കുറിപ്പ്).

11. നിർമ്മാശില്പശാലയിൽ ആർപ്പോ ഇർറോ എന്ന പാഠത്തിലെ പാട്ടുകൾ പ്രയോജനപ്പെടുത്തണം.
12. നിർമ്മിച്ച വസ്തുക്കളുടെ പ്രദർശനവും സംഘടിപ്പിക്കണം.
13. കളിപ്പാട്ട നിർമ്മാണ ശില്പശാല സംയുക്തഡയറിയിലെ ഉള്ളടക്കമാകണം

## റീഡേഴ്സ് തിയറ്റർ

പാഠപുസ്തകത്തിലുള്ളതും പാഠപുസ്തകത്തിനു പുറത്തുള്ളതുമായ രചനകൾ ഭാവാത്മകമായി വായിക്കുന്നതിനുള്ള അവസരമാണ് റീഡേഴ്സ് തിയറ്റർ ഒരുക്കുന്നത്. സഹവർത്തിത വായനയാണ്. ചുമതലകൾ വിഭജിച്ചെടുത്തും പരസ്പരം സഹായിച്ചും ടീം എന്ന നിലയിൽ പ്രവർത്തിക്കുന്നു.

**ലക്ഷ്യങ്ങൾ**

- ഭാവം ഉൾക്കൊണ്ട് ശബ്ദവ്യതിയാനത്തോടെ സദസ്സിനു മുമ്പാകെ ഉച്ചത്തിൽ വായന നടത്തുന്നതിനുള്ള കഴിവ് വളർത്തുക.
- വായനയുടെ ആവിഷ്കാര സന്ദർഭം ഒരുക്കി വായനയോടും പുസ്തകങ്ങളോടും താല്പര്യം കൂട്ടുന്നതിന്.

പ്രവർത്തനങ്ങൾ

- ക്ലാസ് പി ടി എയിൽ ചർച്ച ചെയ്യൽ
- റിഡേഴ്സ് തിയറ്റർ ഭാഷോത്സവത്തിന്റെ ഭാഗമായി ഉദ്ഘാടനം ചെയ്യാം.
- ആദ്യം ഒരു കഥ പല ഗ്രൂപ്പുകൾ അവതരിപ്പിക്കുന്ന രീതി ( സ്ക്രിപ്റ്റ് പങ്കാളിത്ത രചനയിലൂടെ രൂപപ്പെടുത്തും)
- കഥാപാത്രങ്ങൾ, സംഭവങ്ങൾ, സംഭാഷണങ്ങൾ എന്നിവ കൂടുതലുള്ള കഥകള് തെരഞ്ഞെടുക്കൽ
- കഥാപാത്രങ്ങളുടെ എണ്ണം കണക്കിലെടുത്ത് വായനക്കൂട്ടത്തെ തീരുമാനിക്കൽ
- ഓരോരുത്തരും കഥപാത്രങ്ങളെ തെരഞ്ഞെടുക്കൽ

- കഥാപാത്രം പറയേണ്ട സംഭാഷണം നിശ്ചയിക്കൽ ( അത് എഴുതി തയ്യാറാക്കാം. കഥയിലുള്ളത് അതുപോലെയോ അതേ ആശയം പ്രതിഫലിക്കുന്ന രീതിയിലോ)
- ആരാണ് അവതാരക(ന്) എന്നു തീരുമാനിക്കൽ
- വായിക്കേണ്ട ക്രമം തീരുമാനിക്കൽ
- അവതാരക( ന്) പറയേണ്ട കാര്യങ്ങൾ തീരുമാനിക്കൽ
- റിഹേഴ്സൽ ചെയ്യൽ
- വേദിയിൽ അവതരണം
- റിക്കാർഡ് ചെയ്ത് അവരെകാണിച്ച് മെച്ചപ്പെടുത്തേണ്ടവ സംബന്ധിച്ച ധാരണരൂപീകരിക്കൽ

**അവതരണവേദികൾ**

സ്കൂൾ അസംബ്ലി, സർഗവേള, ക്ലാസ് പി ടി എ, ഓൺലൈനൻ വേദി, പഠനോത്സവം തുടങ്ങിയ പരസ്യവേദികളും ക്ലാസ് വേദികളും അവതരണത്തിനായി പ്രയോജനപ്പെടുത്തും.

മൂന്നാം ടേമിലാണ് റീഡേഴ്സ് തിയറ്റർ ആരിഭിക്കുക.

## രചനോത്സവം

ആശയാവതരണ രീതിപ്രകാരമുള്ള ഭാഷാപഠനത്തിൽ കുട്ടികളുടെ ആശയപ്രകാശനത്തിൻ ആസ്വാദ്യമായ രചനാപ്രവർത്തനങ്ങൾ ആവശ്യമാണ്. തുറന്ന പാഠങ്ങളും ചലനാത്മക ചിത്രങ്ങളും പ്രയോജനപ്പെടുത്തി കുട്ടികളുടെ ഭാവന ഉണർത്തി രചനയിലേക്ക് നയിക്കണം. രചനകളിലെ വൈവിധ്യം മറ്റുകുട്ടികളുടെ സൃഷ്ടികൾ വായിക്കുന്നതിനു പ്രേരിപ്പിക്കും. മാത്രമല്ല സർഗാത്മക രചനകൾ വേഗം അംഗീകാരം നേടുകയും ചെയ്യും. രണ്ടാം ടേം മുതൽ രചനോത്സവം ആരംഭിക്കും.

**ലക്ഷ്യങ്ങൾ**

1. കുട്ടികളുടെ സർഗാത്മക ശേഷീ വികസിപ്പിക്കുന്നതിന്.
2. സ്വതന്ത്രരചനയ്ക്ക് (ലഘുവാക്യങ്ങളിൽ ആശയപ്രകാശനം) അവസരം ഒരുക്കുക.
3. അനുയോജ്യമായ ചിത്രം വരച്ച് രചനയെ ആകർഷകമാക്കുക.

4. രചനകൾ സമൂഹവുമായി പങ്കിടുക.

രചനോത്സവം പ്രക്രിയ

- രക്ഷിതാക്കൾായി രചനോത്സവ ശില്പശാല.
  - രചനോത്സവം എന്തിന്? എങ്ങനെ? പ്രായോഗികാനുഭവം
- ഭാവന ഉണർത്തുന്ന ചലനാത്മകചിത്രങ്ങൾ തെരഞ്ഞെടുക്കൽ.
- ചിത്രങ്ങൾ ഓരോ ആഴ്ചയിലും ഒന്നു വീതം എല്ലാ കുട്ടികൾക്കും ലഭ്യമാക്കൾ
- ആ ചിത്ര സന്ദർഭത്തെ വിശകലനം ചെയ്യുന്നതിനായി ചോദ്യങ്ങൾ ഉന്നയിക്കുക.
  - എന്താണ് സംഭവിക്കുന്നത്/ ആരാണിവര്?
  - ഇതിനു മുമ്പ് എന്തായിരിക്കാം സംഭവിച്ചത്?
  - ഇതിനു ശേഷം എന്താകാം സംഭവിക്കുക?
  - എവിടെ എപ്പോഴാണ് സംഭവം നടക്കുന്നത്?
- ചോദ്യങ്ങളും ചിത്രവും വിശകലനം ചെയ്ത ശേഷം കുട്ടികളുടെ പലവിധ പ്രതികരണങ്ങൾ. അവയെല്ലാം സാധ്യതകളാണ്. മറ്റെന്തെങ്കിലും സാധ്യതകൾ പരിഗണിക്കൽ.
- തുടർന്ന് കുട്ടിക്ക് സർഗാത്മക രചനയിലേർപ്പെടാൻ അവസരം .
- രക്ഷിതാക്കളുടെ പിന്തുണയോടെയും രചനയിലേർപ്പെടാം. തുടക്കത്തിൽ കുട്ടികൾ ആശയം പറയുകയും മുതിർന്നവർ അവർക്കു വേണ്ടി അത് രേഖപ്പെടുത്തുകയുമാണ് വേണ്ടത്. ചെറുവാക്യങ്ങളാകാൻ ശ്രദ്ധിക്കുക. സംയുക്ത രചനയുമാകാം.
- കുട്ടികൾ സ്വന്തമായും രക്ഷിതാക്കളുടെ സഹായത്തോടെയും എഴുതുന്ന രചനകൾ ആവശ്യമെങ്കിൽ തെളിവു നൽകി എഡിറ്റിങ് .

**അച്ചടിച്ച രചനകൾ**

- എല്ലാ കുട്ടികളുടെയും തെരഞ്ഞെടുത്ത രചനകൾ ഉൾപ്പെടുത്തി ക്ലാസിനൊന്നാകെ കുഞ്ഞെഴുത്തുകൾ പ്രകാശിപ്പിക്കാം.
- ഓരോ കുട്ടിയുടെയും രചനകൾ വേറെ വേറെ പുസ്തകമാക്കി പ്രകാശിപ്പിക്കാം.

- വായനക്കാർഡുകളാക്കി പ്രസിദ്ധീകരിക്കാം
- അടുത്തുള്ള വായനശാലകൾക്ക് പ്രസിദ്ധീകരിച്ചവ കൈമാറാം

## കൂട്ടെഴുത്തു പത്രം

റീഡേഴ്സ് തിയറ്റർ സഹവർത്തിത വായനയ്കുള്ളതാണെങ്കിൽ കൂട്ടെഴുത്തു പത്രം സഹവർത്തിത രചനയ്കുള്ളതാണ്. താൽപര്യപൂർവം രചന ഏറ്റെടുക്കാനും മറ്റുള്ളവർക്ക് വായിക്കാൻ പറ്റും വിധം വ്യക്തതയോടെ എഴുതാനും കൂട്ടെഴുത്തു പത്രം അവസരം നൽകും

**ലക്ഷ്യങ്ങൾ**

1. പരസ്പര പിന്തുണയോടെ രചനാശേഷി വർദ്ധിപ്പിക്കുക
2. കുട്ടികൾ നേരിടുന്ന ഭാഷാപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പഠനപങ്കാളികളുടെ സഹായം ഉറപ്പാക്കുക
3. രചനകൾ പരസ്പരം വിലയിരുത്തി മെച്ചപ്പെടുത്തുന്നതിന് അവസരം ഒരുക്കുക

പ്രവർത്തനങ്ങൾ

- ക്ലാസില്, വിദ്യാലയത്തിൽ, നാട്ടിൽ നടന്ന വിശേഷപ്പെട്ട കാര്യങ്ങൾ പറയിക്കൽ
- അവയിൽ നിന്നും നാലോ അഞ്ചോ ഇനങ്ങൾ തെരഞ്ഞെടുക്കൽ
- തെരഞ്ഞെടുത്ത ഇനങ്ങളുടെ അത്രയും ഗ്രൂപ്പുകൽ രൂപീകരിക്കൾ

(ഭിന്നനിലവാര ഗ്രൂപ്പാകണം)

- ഓരോ ഗ്രൂപ്പിനും ഓരോ ഇനം നിശ്ചയിക്കൽ
- കിട്ടിയ വിഷയത്തെക്കുറിച്ച് നാലോ അഞ്ചോ കാര്യങ്ങള് ഗ്രൂപ്പിനുള്ളില് പങ്കിടൽ.
- വാക്യങ്ങളുടെ എഴുത്തുക്രമം നിശ്ചയിക്കല്
- ഒരാള് ഒരു വാക്യം വീതം എഴുതൽ (പെൻസിൽ ഉപയോഗിച്ച്) മറ്റുള്ളവർ ആവശ്യമെങ്കിൽ സഹായിക്കണം
- എല്ലാവരുടെയും കൈയക്ഷരം നിർബന്ധം

- തലക്കെട്ട് എഴുതൽ
- എഡിറ്റിംഗ് (വക്കകലം, അക്ഷര ചിഹ്ന പ്രശ്നങ്ങൾ)
- ഒരേ സൈസിലുള്ള പേപ്പറിലേക്ക് മാറ്റിയെഴുതൽ (സ്കെച്ച് പേന ഉപയോഗിക്കാം)
- ചാർട്ടിൽ ഒട്ടിക്കൽ
- പത്രത്തിന്റെ പേരെഴുതൽ
- പത്രപ്രകാശനം
- ഡിജിറ്റൽ കോപ്പി ക്ലാസ് വാട്സാപ്പ് ഗ്രൂപ്പിൽ പങ്കിടൽ

## നാട്ടുവിശേഷം കൂട്ടെഴുത്ത്

ഓരോ പ്രദേശത്തിന്റെയും സാംസ്കാരികവും പാരിസ്ഥിതികവും സാമൂഹികവുമായ സവിശേഷതകൾ കുട്ടികൾ അറിയേണ്ടതുണ്ട്. കേന്ദ്രീകൃതമായി തയ്യാറാക്കുന്ന പാഠപുസ്തകങ്ങൾക്ക് ഇവ പ്രതിഫലിപ്പിക്കാൻ പരിമിതിയുണ്ട്. നാട്ടുവിശേഷം കൂട്ടെഴുത്ത് താൻ വസിക്കുന്ന നാടിനെ അറിയാനും ആ അറിവ് തന്റേതായ രീതിയിൽ രേഖപ്പെടുത്തുന്നതിനും അവസരം ഒരുക്കും.

**ലക്ഷ്യങ്ങൾ**

- സ്വന്തം ചുറ്റുപാടിനെക്കുറിച്ച് അറിയുന്നതിന് അവസരം ഒരുക്കുക.
- അന്വേഷിച്ചറിഞ്ഞ കാര്യങ്ങൾ രേഖപ്പെടുത്തി പങ്കിടുക.
- ആശയവ്യക്തതയോടെ കുറിപ്പുകൾ തയ്യാറാക്കുന്നതിനുള്ള ശേഷി വികസിപ്പിക്കുക.
- അന്വേഷണാത്മക പഠനത്തിന്റെ സാധ്യതകൾ ഒന്നാം ക്ലാസിൽ പ്രയോജനപ്പെടുത്തുക.

**പ്രവർത്തനങ്ങൾ**

- നാട്ടിലെ പ്രധാന സ്ഥലങ്ങൾ കുട്ടികളുമായി ചർച്ച ചെയ്യുക
- ആശയപടം നിർമ്മിക്കുക
- ഓരോ സ്ഥലവുമായി ബന്ധപ്പെട്ട് നേരനുഭവമുള്ളവർ ആരെല്ലാം?

- അവര് വിവിധ ഗ്രൂപ്പുകളിൽ അംഗങ്ങളാകുന്ന വിധം ഗ്രൂപ്പുകൾ രൂപീകരിക്കുക
- ഒന്നോ രണ്ടോ ദിവസം മുതിർന്നവരിൽ നിന്നും വിവരം ശേഖരിക്കുന്നതിന് വേണ്ടി ഉപയോഗിക്കൽ
- ഗ്രൂപ്പുകള് കൂടി ആശയങ്ങൾ ക്രോഡീകരിക്കൽ
- എഴുത്തു ക്രമം തീരുമാനിക്കൽ
- ഒരാൾ ഒരു വാക്യം വീതം എഴുതൽ
- എല്ലാവരുടെയും കൈയക്ഷരം നിർബന്ധം.
- തലക്കെട്ട് നൽകണം
- മുതിർന്നവരുടെ സഹായത്തോടെ ഫോട്ടോ എടുത്ത് പിന്റ് ചേർക്കാം
- എഴുതുമ്പോൾ പരസ്പരം സഹായിക്കണം.
- ഓരോ ഗ്രൂപ്പും എഴുതിയതിന്റെ ഡിജിറ്റൽ കോപ്പി തയ്യാറാക്കണം.
- ക്ലാസ് വാട്സാപ്പ് ഗ്രൂപ്പിൽ പങ്കിടണം.
- നാട്ടുവിശേഷം പതിപ്പ് എന്ന നിലയിൽ വർഷാവസാനം പ്രകാശനം നടക്കണം.

## വരയുത്സവം

കുട്ടികൾക്ക് നൂറുഭാഷകളുണ്ട് ആശയപ്രകാശനത്തിന് എന്നാണ് വിദ്യാഭ്യാസ രംഗത്തുള്ളവർ പറയുന്നത്. അവർ വരച്ചും നിർമ്മിച്ചും എഴുതിയും പാടിയും അഭിനയിച്ചുമെല്ലാം ആശയപ്രകാശനം നടത്തുന്നു. കലാവിദ്യാഭ്യാസം കുട്ടിയുടെ ഭാഷാവികാസത്തെ മാത്രമല്ല സർഗാത്മക സൗന്ദര്യ വികാസത്തെയും പോഷിപ്പിക്കുന്നു. ഒന്നാം ക്ലാസിൽ കുട്ടികൾ നേടിയ ചിത്രരചനയിലെ ശേഷികൾ അവതരിപ്പിക്കുന്നതിനുള്ള വേദിയാണ് വരയുത്സവം

**ലക്ഷ്യങ്ങൾ**

1. തീമുമായി ബന്ധപ്പെട്ട് സ്വയം രൂപപ്പെടുത്തിയതോ നിർദേശിക്കുന്നതോ ആയ സന്ദർഭങ്ങൾ എന്നിവ സ്വതന്ത്രമായി ചിത്രീകരിക്കുക.

2. കൈപ്പത്തി, വിരലുകൾ, കാലടികൾ, മറ്റു വസ്തുക്കൾ എന്നിവ നിറങ്ങളിൽ മുക്കി ചിത്രങ്ങൾ രൂപപ്പെടുത്തു.
3. വിവിധ പ്രതലങ്ങളിൽ വീഴ്ത്തിയ നിറങ്ങൾ ഊതിയും കൈവിരൽകൊണ്ടും നൂലടക്കം മറ്റ് സാമഗ്രികൾ ഉപയോഗിച്ചും വിന്യസിച്ച് ചിത്രങ്ങൾ വരയ്ക്കുക.
4. കേട്ടതോ വായിച്ചതോ ആയ കഥകളിലെ കഥാപാത്രങ്ങളുടെ പ്രത്യേകതകൾ കണ്ടെത്തി ചിത്രീകരിക്കുക.
5. ഇല, തുണി, വർണ്ണക്കടലാസ്, മണൽ, പൊടി, മറ്റു വസ്തുക്കൾ എന്നിവ ഉപയോഗിച്ച് തീമുമായി ബന്ധപ്പെടുത്തി കൊളാഷ് നിമ്മിക്കുക.
6. മണൽ, മണ്ണ്, പൊടി, മൈലാഞ്ചിക്കുഴമ്പ് എന്നിവ ഉപയോഗിച്ച് ചിത്രങ്ങൾ പാറ്റേണുകൾ, രൂപങ്ങൾ, കളങ്ങൾ തുടങ്ങിയവ വരയ്ക്കുക.
7. ഇലകൾ, പച്ചക്കറി, നൂൽ, പഞ്ഞി എന്നിവ ഉപയോഗിച്ച് ചിത്രങ്ങൾ നിർമ്മിക്കുന്നതിനും വിവിധ വസ്തുക്കൾ നിറങ്ങളിൽ മുക്കിപ്രതലങ്ങളിൽ പതിപ്പിച്ച് രൂപങ്ങൾ നിർമ്മിക്കുന്നതിനും കഴിയുക.

**പ്രവർത്തനങ്ങൾ**

- കുട്ടികളുമായി ആലോചിച്ച് വരയുത്സവത്തിന്റെ തീയതി നിശ്ചയിക്കണം
- ഇനങ്ങൾ ലിസ്റ്റ് ചെയ്യണം.
- ഓരോ കുട്ടിയും മൂന്ന് ഇനങ്ങളിലെങ്കിലും ആവിഷ്കാരം നടത്തുന്ന വിധത്തിൽ ചുമതല ഏറ്റെടുക്കണം.
- ക്ലാസ് പി ടി എയിൽ, ക്ലാസ് വാട്സാപ്പ് ഗ്രൂപ്പിൽ ആശയം പങ്കിടണം
- വരയുത്സവത്തിൽ കുട്ടികളെ സഹായിക്കാനെത്തുന്ന രക്ഷിതാക്കളുടെ ലിസ്റ്റ് തയ്യാറാക്കണം
- സമയക്രമീകരണം തീരുമാനിക്കണം
- എല്ലാവരും ചെയ്യേണ്ട ഇനങ്ങൾ ആദ്യം. (കൊളാഷ് പ്രവർത്തനം, വിരൽച്ചിത്രങ്ങൾ പോലെയുള്ളവ)
- ഐച്ഛികമായി ചെയ്യേണ്ടത് തുർന്ന്
- പൂർണദിവസ പരിപാടിയാണ്
- ഉൽപന്നങ്ങളുടെ പ്രദർശനവും വിലയിരുത്തലും

## സചിത്രകഥാരചന

രചനോത്സവത്തിന്റെ ഭാഗമായി കുട്ടികൾ കഥകൾ എഴുതുകയും അവയ്ക് ചിത്രങ്ങൾ വരയ്കുകയും ചെയ്തിട്ടുണ്ട്. സചിത്രപ്രവർത്തന പുസ്തകം ഉപയോഗിച്ചപ്പോൾ ചിത്രങ്ങൾക്ക് സംഭാഷണവും വിവരണവും എഴുതി ചിത്രകഥാരൂപത്തിലാക്കിയിട്ടുണ്ട്. ഒന്നാം ക്ലാസിലെ കുട്ടി എഴുതിയ കർഷകനും ആടും എന്ന ചിത്രകഥ കുട്ടികൾ പഠിച്ചിട്ടുണ്ട്. ഈ അനുഭവങ്ങൾ പ്രയോജനപ്പെടുത്തിയാണ് ചിത്രകഥകൾ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനം സംഘടിപ്പിക്കുന്നത്.

**ലക്ഷ്യങ്ങൾ**

1. കേട്ടതോ വയിച്ചതോ ആയ കഥകൾ ചിത്രകഥാ രൂപത്തിലാക്കുക.
2. സ്വന്തം സർഗാത്മക രചനകൾ ചിത്രകഥാരൂപത്തിലാക്കുക.
3. ചിത്രസൂചനകളെ അടിസ്ഥാനമാക്കി ചിത്രകഥകൾ തയ്യാറാക്കുക.
4. കുട്ടികൾ തയ്യാറാക്കുന്ന ചിത്രകഥകൾ പ്രസിദ്ധീകരിക്കുക.

**പ്രവർത്തനം**

- പൊതു അനുഭവം സൃഷ്ടിക്കൽ
  - ഒരു കഥ പരിചയപ്പെടുത്തുന്നു. ചിത്രകഥയും കാണിക്കുന്നു. താരതമ്യം ചെയ്ത് ചിത്രകഥയുടെ സവിശേഷകൾ ലിസ്റ്റ് ചെയ്യുന്നു
  - എങ്കിൽ നാം ഇപ്പോൾ പരിചയപ്പെട്ട കഥയെ ചിത്രകഥയാക്കുകയാണെങ്കിൽ എത്ര രംഗങ്ങൾക്ക് പടം വരയ്കേണ്ടിവരും?
  - സംഭാഷണരൂപത്തിൽ എഴുതേണ്ടതും വിവരണരൂപത്തിൽ എഴുതേണ്ടതും എന്തെല്ലാം കാര്യങ്ങളാണ്? ഏതൊക്കെ രംഗങ്ങൾക്ക് എന്നും ധാരണയാകുന്നു
  - വ്യക്തിഗതമായി ചിത്രകഥ തയ്യാറാക്കുന്നു. ( അരപ്പേജിൽ ഒരു ചിത്രം വരത്തക്കവിധം )
  - തയ്യാറാക്കിയ ചിത്രകഥാപേപ്പറുകൾ ഒന്നിച്ച് സ്റ്റാപ്ലർ ചെയ്ത് ഓരോരുത്തരുടെയും ചിത്രകഥാപുസ്തകം പ്രകാശിപ്പിക്കുന്നു.
  - പരസ്പര വിലയിരുത്തലിനായി കൈമാറി പരിശോധിക്കുന്നു.

- തുടർന്ന് പുതിയ ഒരു ചലനാത്മക ചിത്രത്തെ ചിത്രകഥയാക്കുന്നതിന് ചുമതലപ്പെടുത്തുന്നു
- എല്ലാ ആഴ്ചകളിലും ചിത്രകഥ തയ്യാറാക്കുന്നതിനുള്ള വിഭവങ്ങൾ നല്കുന്നു
    - കവർച്ചിത്രം വേണം. കവർ പേജ് പ്രത്യേകം രൂപകൽപന ചെയ്യണം.
    - പിന് കവറും വേണം. ബാലസാഹിത്യകൃതികൾ പരിശോധിച്ച് രീതി മനസ്സിലാക്കാനവസരം
    - പേജ് നമ്പർ വേണം.
- ചിത്രകഥകളുടെ പ്രസിദ്ധീകരണം
    - ക്ലാസ് പി ടി എയുടെ നേതൃത്വത്തിൽ ഡിജിറ്റൽ കോപ്പികൾ തയ്യാറാക്കും. ( എഴുത്ത് ഡി ടി പി ചെയ്തത്. വര കുട്ടികളുടേത്)
    - ബാല പ്രസിദ്ധീകരണങ്ങൾക്ക് അയച്ചുകൊടുക്കും.
    - പ്രിന്റെടുത്ത് പ്രകാശനം നടത്തും

## ശാസ്ത്രോത്സവം

പരിസരപഠനത്തിൽ വിവിധതീമുകളുമായി ബന്ധപ്പെട്ട് കുട്ടികൾ പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെട്ടിട്ടുണ്ട്. വിവിധങ്ങളായ ശേഖരണപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. പ്രക്രിയാശേഷികളുടെ വികസനത്തിനായി നടത്തിയ നിരവധിപ്രവർത്തനങ്ങളുടെ ഉൽപന്നങ്ങളും ക്ലാസിലുണ്ട്. ശാസ്ത്രത്തിൽ കുട്ടികൾ നടത്തിയ പ്രവർത്തനങ്ങൾ വിലമതിക്കേണ്ടതുണ്ട്.

**ലക്ഷ്യങ്ങൾ**

- ചെറു സദസ്സിനു മുമ്പാകെ ലളിതമായ പരീക്ഷണങ്ങൾ ചെയ്തു കാണിക്കുക.
- എല്ലാ തീമുകളുമായും ബന്ധപ്പെട്ടു നടത്തിയ പ്രവർത്തനങ്ങളുടെ ഉൽപന്നങ്ങൾ പ്രദർശിപ്പിക്കാനും വിശദീകരിക്കാനും അവസരം ഒരുക്കുക

പ്രവർത്തനങ്ങൾ

- കുട്ടികളുമായി ചർച്ച ചെയ്ത് ശാസ്ത്രോത്സവത്തിലെ ഇനങ്ങൾ പൊതുവായി നിശ്ചയിക്കുന്നു
- കുട്ടികളെ തീം അടിസ്ഥാനത്തിൽ ഗ്രൂപ്പുകളാക്കുന്നു. ഒരു ഗ്രൂപ്പിന് ഒന്നിലധികം തീമുകളാകാം.
- ഓരോ തീമുമായും ബന്ധപ്പെട്ടു വരാവുന്ന
  - പരീക്ഷണങ്ങൾ,
  - പ്രദർശനസാധ്യതകൾ,
  - ശാസ്ത്രാശയത്തിന്റെ അഭിനയസാധ്യതകൾ,
  - ശാസ്ത്ര ഉള്ളടക്കമുള്ള പാട്ടുകളും കഥകളും,
  - പട്ടികകൾ എന്നിവ സഹായത്തോടെ കുട്ടികൾ കണ്ടെത്തുന്നു.
- വിവിധ ഗ്രൂപ്പുകൾക്ക് അവതരണത്തിനുള്ള സമയം, ക്രമം എന്നിവ നിശ്ചയിക്കുന്നു
- തയ്യാറെടുപ്പിന് മൂന്നോ നാലോ ദിവസം
- രക്ഷിതാക്കളെയും തീം അടിസ്ഥാനത്തിൽ ഗ്രൂപ്പുകളാക്കുന്നു. അവർ അതേ തീം എടുത്ത കുട്ടികൾക്ക് സഹായം നൽകുന്നു
- ശാസ്ത്രോത്സവം ഉദ്ഘാടനം
- ശാസ്ത്രോത്സവ പ്രവർത്തനങ്ങൾ
- അവതരണങ്ങൾ വിലയിരുത്തുന്നതിനായി നാലാം ക്ലാസിലെ കുട്ടികളെ ചുമതലപ്പെടുത്തണം. രക്ഷിതാക്കളുടെ വിലയിരുത്തൽ ഗ്രൂപ്പും ഉണ്ടാകണം.

## അരങ്ങ്

**ലക്ഷ്യങ്ങൾ**

1. വിവിധ വസ്തുക്കൾ, അവസ്ഥകൾ, ജീവജാലങ്ങൾ, സന്ദർഭങ്ങൾ എന്നിവ തീയേറ്റർ ഗെയിമുകളിലൂടെ കൂട്ടായി നിസ്സങ്കോചം സദസ്സിനു മുമ്പാകെ ആവിഷ്കരിക്കുക .

2. കേട്ടതോ വായിച്ചതോ ആയ കഥകളിലെ കഥാപാത്രങ്ങൾ തമ്മിലുള്ള സംഭാഷണങ്ങൾ സഹപാഠികളുമായി ചേർന്ന് റോൾപ്ലേയിലൂടെ സദസ്സിനു മുമ്പാകെ അവതരിപ്പിക്കുക.
3. തീമിനെ അടിസ്ഥാനമാക്കി വിവിധ സന്ദർഭങ്ങളും സംഭവങ്ങളും സംഘം ചേർന്ന് ആസൂത്രണം നടത്തി ചമഞ്ഞുകളികളിലൂടെ ആവിഷ്കരിക്കുക.
4. പക്ഷികൾ, മൃഗങ്ങൾ, വാഹനങ്ങൾ, കാറ്റ്, മഴ തുടങ്ങിയവയുടെ ശബ്ദചലനങ്ങൾ അനുകരിക്കുക.
5. ചെറു സദസ്സുകളിൽ കഥകൾ, പാട്ടുകൾ, കവിതകൾ, അഭിനയ ഗാനങ്ങൾ എന്നിവ സംഘമായും ഒറ്റയ്ക്കും കൂട്ടായി രൂപപ്പെടുത്തിയ മാനദണ്ഡങ്ങൾ പ്രകാരം ഭാവാത്മകമായി അവതരിപ്പിക്കുക
6. തീമുകളുമായി ബന്ധപ്പെട്ട സംഭവങ്ങൾ സംഘം ചേർന്നും ഒറ്റയ്കും മൈമിങ്ങിലൂടെ അവതരിപ്പിക്കുക.
7. ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് കഥാപാത്രങ്ങളുടെ വേഷം, പ്രോപ്പർട്ടികൾ, രംഗസജ്ജീകരണം എന്നിവ തയ്യാറാക്കി രംഗാവിഷ്കാരം നടത്തുക.
8. കഥാപാത്രങ്ങളുടെ ശബ്ദം, ചലനം, ഭാവം എന്നിവ ഉൾക്കൊണ്ട് ഏകാഭിനയം നടത്തുക.
9. കഥാവതരണവേളകളിൽ വിവിധ വസ്തുക്കൾ ഉപയോഗിച്ച് കഥാസന്ദർഭത്തിനു യോജിച്ച പശ്ചാത്തലശബ്ദം സംഘം ചേർന്ന് ഒരുക്കുക.
10. കഥ നടക്കുന്ന ഇടത്തേക്ക് അല്ലെങ്കിൽ പ്രദേശത്തേക്ക് അഭിനയത്തിലൂടെയും ചലനത്തിലൂടെയും ഒറ്റയ്കും കൂട്ടായും സാങ്കൽപിക യാത്ര നടത്തുക.

**പ്രവർത്തനങ്ങൾ**

ഇതുവരെ നടത്തിയ അഭിനയവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കുട്ടികളുടെ പങ്കാളിത്തത്തോടെ ലിസ്റ്റ് ചെയ്യൽ

അരങ്ങ് എന്ന പൊതു പരിപാടിയെക്കുറിച്ച് കുട്ടികൾ ഏറ്റെടുക്കും വിധം വിശദീകരിക്കൽ

അരങ്ങ് നടത്തുന്നതിനുള്ള തീയതികൾ നിശ്ചയിക്കൽ

**അരങ്ങ് ഇനങ്ങൾ**

1. റോൾ പ്ലേ, ചമഞ്ഞുകളി
2. മൈമിംഗ് ശബ്ദചലനങ്ങൾ അനുകരിക്കൽ

3. കഥകളുടെയും കവിതകളുടെയും രംഗാവിഷ്കാരം (പശ്ചാത്തശബ്ദം, രംഗസജ്ജീകരണം, കഥാപാത്രങ്ങളുടെ വേഷം, പ്രോപ്പർട്ടികൾ ഒക്കെയാകാം)
4. ഏകാഭിനയം
5. അഭിനയഗാനങ്ങൾ

ഇവയിൽ ഏതിലാണ് പങ്കെടുക്കുന്നതെന്ന് ഓരോ ഗ്രൂപ്പിനും തീരുമാനിക്കാം. വ്യക്തിഗത തെരഞ്ഞെടുപ്പും അനുവദിക്കാം.

- വിവിധ ഗ്രൂപ്പുകൾക്ക് അവതരണത്തിനുള്ള സമയം, ക്രമം എന്നിവ നിശ്ചയിക്കുന്നു.
- റിഹേഴ്സൽ ചെയ്യുന്നതിന് അവസരം ഒരുക്കും.
- അവതരണങ്ങൾ വിലയിരുത്തുന്നതിനായി നാലാം ക്ലാസിലെ കുട്ടികളെ ചുമതലപ്പെടുത്തണം. രക്ഷിതാക്കളുടെ വിലയിരുത്തൽ ഗ്രൂപ്പും ഉണ്ടാകും.

Downloaded from: https://textbooksall.blogspot.com/

**മേഖല – അക്കാദമികം**

**ഉപമേഖല – ഭാഷ**

**ക്ലാസ് – II**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശ കലനം |
|---|---|---|---|---|
| ഉചിതമായ വ്യവഹാര രൂപ ങ്ങളിലുള്ള ലേഖന മികവ് | 1) എഴുത്തും കുത്തും ലഘു രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പു കൾ<br>2) ലഘുപതി പ്പുകൾ തയ്യാറാ ക്കൽ. | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | SRG<br>SMC<br>ക്ലബ്ബുകൾ<br>മദർ പി.ടി.എ<br>സ്റ്റാഫ്. | ടങ്ങള<br>മദർ പി.ടി.എ |
| സർഗാത്മകതയെ തട്ടിയു ണർത്താം | 1) രചനാശില്പ ശാല കഥ, കവിത, രചന കൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ<br>ജനുവരി | SMC<br>അദ്ധ്യാപകർ<br>ക്ലബ്ബുകൾ<br>പ്രമുഖ വ്യക്തി കൾ | SRG<br>SMC |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ്- II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മ വിശ്വാസ ത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരി ക്കുവാനുള്ള അവസരമൊരു ക്കൽ | Let's talk…… പ്രതിഭാധനരുമായി സംവദിക്കൽ.<br><br>English ബാലസഭ.<br><br>ഇംഗ്ലീഷ് അസംബ്ലി One day English | മൂന്ന് മാസ ത്തിൽ ഒന്ന്<br><br>മാസത്തിൽ ഒന്ന്<br><br>ആഴ്ചയിൽ ഒന്ന് | SRG<br><br>Class Teacher<br><br>SMC | S S A |

Downloaded from: https://textbooksall.blogspot.com/

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ്- II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്. | ശുചിത്വ സർവ്വേ<br>ക്ലാസുകൾ<br>പോസ്റ്റർ രചനാ മത്സരം<br>അവതരണങ്ങൾ | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ<br>SRG<br>SMC | |
| പ്രകൃതിയെ അറിയാൻ. | പ്രകൃതി നടത്തം<br>കാഴ്ചബംഗ്ലാവിലേക്ക്.<br>കാണാക്കാഴ്ചകൾ - ഇഉ | സപ്തംബർ<br>ഡിസംബർ | ടീച്ചേർസ്<br>SRG<br>SMC | SMC |
| നാടറിയാൻ - നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം.<br>കൃഷിയിടത്തിലേക്ക്.<br>നമുക്കും കർഷകരാകാം | ജനുവരി | SRG<br>SMC<br>നാട്ടുകാർ | |

Downloaded from: https://textbooksall.blogspot.com/

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ്- II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്താ ശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും, ഗണിത പസിലുകളും പരിചയപ്പെടൽ)<br><br>ഗണിത ക്യാമ്പ് (ഗണിതം കളികളിലൂടെ) | ആഴ്ചയിൽ ഒന്ന് വീതം<br><br>മാസത്തിൽ ഒന്ന് വീതം | SRG<br>ക്ലാസ് ടീച്ചർ | SSA |

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **വായന**<br>മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി ടി എ |
| | ക്ലാസ് ലൈബ്രറി വികസനം | അധ്യയന വർഷം മുഴുവൻ | സി പി ടി എ | സി പി ടി എ |
| | ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ | ജൂൺ | അധ്യാപകൻ | അധ്യാപകൻ |
| | അമ്മ വായന<br>അമ്മമാരുടെ വായനാകുറിപ്പുകൾ<br>സി പി ടി എ കളിൽ അവതരിപ്പിക്കുന്നു | അധ്യയന വർഷം മുഴുവൻ | സി പി ടി എ | ഇല്ല |
| | വായനാകാർഡുകൾ തയ്യാറാക്കൽ | ജൂൺ - ജൂലൈ | അധ്യാപകൻ | സി പി ടി എ |
| **ലേഖനം**<br>വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കുക<br>- അക്ഷരം തെറ്റു കൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ, വിവിധ ഭാഷാവ്യവഹാരങ്ങൾ രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക<br>ജൂൺ 5 പരിസ്ഥിതി ദിനം പോസ്റ്റർ<br>ജൂൺ 19 വായനാദിനം<br>വായനാവാരം<br>ആഗസ്റ്റ് 6 ഹിരോഷിമ ദിനം പോസ്റ്റർ<br>ആഗസ്റ്റ് 9 നാഗസാക്കി ദിനം | ജൂൺ<br>ജൂൺ<br>ആഗസ്റ്റ് | അധ്യാപകൻ | സി പി ടി എ |



jibin550@gmail.com

| | | | | |
|---|---|---|---|---|
| | പോസ്റ്റർ<br><br>ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം<br><br>സെപ്റ്റംബർ 5 അധ്യാപക ദിനം പഴയകാല അധ്യാപകരുമായി അഭിമുഖം<br><br>ഒക്ടോബർ 2 ഗാന്ധിജയന്തി കുറിപ്പ് തയ്യാറാക്കൽ<br>ഒക്ടോബർ 10 ദേശീയ തപാൽ ദിനം കൂട്ടുകാരനൊരു കത്ത്<br>നവംബർ 1 കേരളപ്പിറവി പ്രസംഗം<br>നവംബർ 14 ശിശുദിനം | ആഗസ്റ്റ്<br><br>സെപ്റ്റംബർ<br><br>ഒക്ടോബർ<br><br>ഒക്ടോബർ<br><br>നവംബർ | | |
| സർഗാത്മക പ്രകടനം | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ<br>വേദി - സി പി ടി എ | അധ്യയന വർഷം മുഴുവൻ | സി പി ടി എ | ഇല്ല |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചതുരം ,വൃത്തം ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി ടി എ |
| | ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം,ത്രികോണം ,വൃത്തം എന്നിവ നിർമിക്കുന്നു. | ജൂൺ, ജൂലൈ | അധ്യാപകൻ, സി പി ടി എ | ഇല്ല |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | സംഖ്യാപാറ്റേണുകൾ | ആഗസ്റ്റ് | അധ്യാപകൻ | ഇല്ല |
| | • നാണയങ്ങൾ, കളിനോട്ടുകൾ<br>• പാറ്റേണുകൾ (ഗണിത ക്ലബ്ബ് ) | ആഗസ്റ്റ് | അധ്യാപകൻ, കുട്ടികൾ | സി പി ടി എ |
| എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്റ്റംബർ | അധ്യാപകൻ, കുട്ടികൾ | ഇല്ല |
| സങ്കലന- വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | • *മനഃ കണക്കുകൾ*<br>• *നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ* | ഒക്ടോബർ - നവംബർ | അധ്യാപകൻ, കുട്ടികൾ | ഇല്ല |
| ഗുണന വസ്തുതകൾ നേടൽ | • *മനഃ കണക്കുകൾ*<br>• *മഞ്ചാടിക്കളി* | ഡിസംബർ - ജനുവരി | അധ്യാപകൻ, കുട്ടികൾ, സി പി ടി എ | ഇല്ല |
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | • *നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ*<br>• *ഐ സി ടി വിഭവങ്ങൾ ഉപയോഗിച്ച്* | ഫെബ്രുവരി - മാർച്ച് | അധ്യാപകൻ, കുട്ടികൾ | ഇല്ല |



jibin550@gmail.com

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക, ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം | സസ്യങ്ങളെ തരംതിരിക്കൽ<br>പ്രകൃതി നടത്തം - (പാടം, വിദ്യാലയത്തിലെ ജൈവ വൈവിധ്യ ഉദ്യാനം ) | ജൂൺ, ജൂലൈ | അധ്യാപകൻ | ഇല്ല |
| പ്രകൃതി സംരക്ഷണം | • മണ്ണ് ,ജലം , വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക<br>• മഴക്കുഴി നിർമാണം<br>• വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമസേനക്ക് കൈമാറൽ | ആഗസ്റ്റ് - സെപ്റ്റംബർ | • അധ്യാപകൻ<br>• പി ടി എ<br>• ഹരിതകർമസേന - പി ടി എ | • പി ടി എ |
| വ്യക്തി ശുചിത്വം | • കൈ കഴുകൽ - പരിശീലനം<br>• പോസ്റ്റർ നിർമാണം ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ | സെപ്റ്റംബർ- ഒക്ടോബർ | ജെ ആർ സി യൂണിറ്റ്<br>അധ്യാപകൻ, കുട്ടികൾ | പി ടി എ<br>ഇല്ല |


jibin550@gmail.com

# ENGLISH

| AIMS | ACTIVITIES | DURATION | CHARGE | ECONOMIC SOURCE |
|---|---|---|---|---|
| To study alphabets | • PRE-TEST<br>• Write simple words | June - July | Teacher, Students | P T A |
| To study , write and read simple words | Circle the word from TB and read | August - September | Teacher, Students | Nil |
| Create more opportunities for English speaking in the class room | Class room communication should be in English, like May I drinks some water ? May I Go to bathroom ?<br>• Hello.<br>• Hello, everyone.<br>• Good morning.<br>• Good morning everyone.<br>• Good morning class.<br>• Good Afternoon everyone.<br>• How are you?<br>• How are you all?<br>• How are you today?<br>• Let me take attendance etc | Academic year | Teacher, Students, Parents | Nil |



jibin550@gmail.com

Downloaded from: https://textbooksall.blogspot.com/

## മലയാള ഭാഷ (Std IV)

| മധുരം മലയാളം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പി ക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ- പുസ്തകപരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദ കുറിപ്പ്.<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| **എഴുത്തുകാരുമായി സംവദിക്കൽ** | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

Downloaded from: https://textbooksall.blogspot.com/

| | | | | |
|---|---|---|---|---|
| **കണ്ടറിയാം... കേട്ടറിയാം...** | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | Class Teacher | PTA |
| **രുചിച്ചറിയാം...** | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചക കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>Class Teacher<br>PTA | |
| **ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ)** | | | | |
| സാഹിത്യകാരന്മാരുടെ ജന്മ- ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം - ക്വിസ് ലഘു പ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | SRG<br>Class Teacher<br>CPTA | |
| **കലക്കൂട്ട്** | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ - നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class Teacher | PTA |
| **സർഗ്ഗോത്സവം** | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗ ശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>Class Teacher | PTA |

BioVision

# English – Std IV

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാ ലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൂ. | ആഴ്ചയിൽ മൂന്നു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling) | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | S M C |
| **ഇംഗ്ലീഷ് മാഗസിൻ** | | | | |
| സർഗാത്മകതാ രചനശേഷി വികസനം | മൂന്നു മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM<br>Class Teacher<br>SMC | S M C |

| ഇംഗ്ലീഷ് കൈയെഴുത്ത് | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ് | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട് | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| **ഇംഗ്ലീഷ് കോർണർ** | | | | |
| വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ<br><br>വായനാവേള ഒരുക്കൽ<br><br>വായനാകുറിപ്പ് - പുസ്തക പരിചയം | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| **ഇംഗ്ലീഷ് ഫെസ്റ്റ്** | | | | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസമുണ്ടാക്കൽ) | വായനാ മത്സരം രചനാ മത്സരം മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | അവധിക്കാലം | ഒങ<br>ഇഹമൈ<br>ഠലമരവല്യ<br>ടങഇ<br>ഇഹമൈ ജഠഅ | ജഠഅ ഊീറ<br>ടങഇ |

Downloaded from: https://textbooksall.blogspot.com/

# പരിസരപഠനം (Std IV)

| പ്രകൃതി നടത്തം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| നിരീക്ഷണം-അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്ര പഠനത്തിൽ താൽപ ര്യം ജനിപ്പിക്കൽ- അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം<br>സയൻസ് പാർക്ക്<br>ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ<br>ഫോക്ക്ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം - ഇന്ത്യ- ഭൂപടവായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാനിർമ്മാണം<br>കളം ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ടസശഭ,<br>പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം- ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

Downloaded from: https://textbooksall.blogspot.com/

## ഗണിതം (Std IV)

| കളിക്കാം..ഗണിക്കാം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്ര ണം ചെയ്യൽ- നടപ്പാക്കൽ- മൂല്യനിർണയം. (ഏണിയും പാമ്പും , ഡയസ് കളി) സങ്കലനം- വ്യവകലനം. (കച്ചവടക്കളി) | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |
| ഒറിഗാമിയിലൂടെ പഠിക്കാം.. | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത് ) | ക്ലാസ് ടീച്ചർ | PTA |
| ഗണിതലാബ് | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ | PTA |
| ഗണിതച്ചുമർ | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിതപഠനോപകരണശില്പശാല | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | Sണഏ ക്ലാസ് ടീച്ചർ | PTA |
| ഗണിതമേള | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG ക്ലാസ് ടീച്ചർ | PTA |